കേരള ഇൻഫർമേഷൻ നെറ്റ് വർക്ക് ഫോർ ലോക്കൽ ബോഡീസ്

92 (2890) ശ്രീ. പാലോട് രവി :
ശ്രീ. വി. ബാലറാം :
ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) "കേരള ഇൻഫർമേഷൻ നെറ്റ് വർക്ക് ഫോർ ലോക്കൽ ബോഡീസ്" എന്ന പദ്ധതിക്ക് 1998-99 വർഷത്തിൽ കേന്ദ്രത്തിൽനിന്നും സഹായം ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാന ഗവൺമെന്റ് ഈ ആവശ്യത്തിന് പ്രസ്തുത വർഷം തുക നൽകിയിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് അറിയിക്കുമോ;

(സി) 1998-99-ൽ ഈ പദ്ധതിക്ക് ലഭിച്ച കേന്ദ്രസഹായത്തിന്റെ വിനിയോഗം സംബന്ധിച്ച വിശദവിവരം നൽകുമോ;

(ഡി) 1999-2000-ൽ ഈ പദ്ധതിക്ക് കേന്ദ്രസഹായം ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിതരണം സംബന്ധിച്ച വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. 10 കോടി രൂപ.

(ബി) ഇല്ല.

(സി) വിനിയോഗം നടന്നിട്ടില്ല.

(ഡി) ഉണ്ട്. 10 കോടി രൂപ.

പഞ്ചായത്ത് ഓഫീസുകളിൽ കമ്പ്യൂട്ടർ ശൃംഖല

93 (2891) ശ്രീ. വി. ബാലറാം :
ശ്രീ. കെ. ബാബു :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് ഓഫീസുകളിൽ കമ്പ്യൂട്ടർ ശൃംഖല വ്യാപിപ്പിക്കുന്നതിനും ഇൻഫർമേഷൻ ടെക്നോളജി മേഖല വിപുലപ്പെടുത്തുന്നതിനുമായി സി-ഡിറ്റ് മൈക്രോ സോഫ്റ്റ് കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതിയെന്തെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉദിക്കുന്നില്ല.

ആഡിറ്റ് കമ്മിഷൻ രൂപീകരിക്കുന്നതിനുള്ള നടപടികൾ

94 (2892)ശ്രീ. അടൂർ പ്രകാശ് :

ശ്രീ. ജോർജ്.ജെ. മാത്യൂ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഡിറ്റ് കമ്മിഷൻ രൂപീകരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാകുന്നതുവരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റ് നടപടികൾ നടത്തുന്നതിന് സർക്കാർ എന്ത് സംവിധാനമാണ് ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സെൻ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശപ്രകാരം ജില്ലാ പഞ്ചായത്തുകളുടെയും, മുനിസിപ്പൽ കോർപ്പറേഷനുകളുടെയും ഓഡിറ്റ് നടത്തുന്നത് സംബന്ധിച്ച് കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലുമായി സർക്കാർ എന്തെങ്കിലും കത്തിടപാടുകൾ നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിന്റെ നിയമപരമായ ചുമതല ഇപ്പോൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിൽ നിക്ഷിപ്തമാണ്. അത് പ്രസ്തുത വകുപ്പ് നിർവ്വഹിക്കുന്നുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പെർഫോർമൻസ് ഓഡിറ്റ് നടത്തുന്നതിന് സെക്രട്ടേറിയറ്റ്, മുനിസിപ്പൽ ഭരണവകുപ്പ്, പഞ്ചായത്ത് വകുപ്പ് എന്നിവിടങ്ങളിൽനിന്നുള്ള ഉദ്യോഗസ്ഥൻമാരുടെ പ്രത്യേക ടീമുകളെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി)&(സി) 25 ലക്ഷം രൂപയ്ക്കു മുകളിൽ ഗ്രാന്റ് ഇൻ എയ്ഡ് ലഭിക്കുന്ന എല്ലാ സ്ഥാപനങ്ങളും അക്കൗണ്ടന്റ് ജനറൽ നിയമപ്രകാരം ഓഡിറ്റ് നടത്തേണ്ടതുണ്ട്. ആകയാൽ പ്രത്യേക നിർദ്ദേശത്തിന്റെ ആവശ്യമില്ല.

പഞ്ചായത്ത് വകുപ്പിലെ ഓഡിറ്റിംഗ്

95(2893) ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പഞ്ചായത്ത് വകുപ്പിലെ ഉദ്യോഗസ്ഥരിൽനിന്നും ഓഡിറ്റിംഗിൽ യോഗ്യതയുള്ളവരുടെ ഒരു പാനൽ തയ്യാറാക്കി കാര്യക്ഷമമായ ഓഡിറ്റിംഗ് നടത്താൻ ഒരു പദ്ധതി ആവിഷ്ക്കരിക്കുമോ?

ഉത്തരം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിന് ഒരു സ്വതന്ത്ര ഓഡിറ്റ് കമ്മിഷൻ രൂപീകരിക്കണമെന്നും അതിന് നേതൃത്വം നൽകേണ്ടത് ഓഡിറ്റിംഗിൽ വൈദഗ്ധ്യമുള്ളവരായിരിക്കണമെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലെ ഒരു വിഭാഗം സ്റ്റാഫിന്റെ സേവനം കമ്മിഷന് ഉപയോഗപ്പെടുത്താമെന്നും അധികാര വികേന്ദ്രീകരണ കമ്മിറ്റി ശുപാർശ ചെയ്തിട്ടുള്ളതാണ്. ഈ ശുപാർശ നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly